അദ്ധ്യാത്മരാമായണം daily starting slokas

വന്ദന ശ്ലോകങ്ങൾ.
ഓം
സഹനാ വവതു!/ *സഹനൗ ഭുനക്തു!*/
സഹ വീര്യം(ങ്) കരവാവഹൈ!/
തേജസ്വിനാ- വധീതമസ്തു!
മാ വിദ്വിഷാവഹൈ!/
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ//

വിഘ്നേശ്വരം വിഘ്നശാന്ത്യൈ
വാണീം വാചഃ(ഫ്) പ്രവർത്തയേ
*ഗുരൂൻ ഗൂഢാർത്ഥപാനായ+
പ്രണമാമി പുനഃ(ഫ്) പുനഃ

*രാമായ രാമഭദ്രായ രാമചന്ദ്രായ വേദസേ
രഘുനാഥായ നാഥായ സീതായാഃ(ഫ്)പതയേ നമഃ*

മനോജവം മാരുതതുല്യവേഗം
ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം
വാതാത്മജം വാനരയൂഥമുഖ്യം
ശ്രീരാമദൂതം മനസാ സ്മരാമി!

കൂജന്തം രാമ രാമേതി
മധുരം മധുരാക്ഷരം *
ആരുഹ്യ കവിതാശാഖാം*
വന്ദേ വാല്മീകികോകിലം!

*സാനന്ദരൂപം സകല+പ്രബോധ-
മാനന്ദ-ദാനാമൃത പാരിജാതം* *
മനുഷ്യപത്മേഷു രവി+സ്വരൂപം*
പ്രണൗമി തുഞ്ച+ത്തെഴുമാര്യ പാദം!

ജാനകീ കാന്തസ്മരണം
*ജയ ജയ രാമ രാമ!!!
*****
ഹരിഃ ശ്രീ ഗണപതയെ നമഃ.
അവിഘ്നമസ്തു.
ശ്രീരാമ രാമ രാമ ശ്രീരാമ ചന്ദ്ര ജയ

ശ്രീരാമ രാമ രാമ ശ്രീരാമഭദ്ര ജയ
ശ്രീരാമ രാമ രാമ സീതാഭിരാമ   രാമ
ശ്രീരാമ രാമ രാമ ലോകാഭിരാമ ജയ
ശ്രീരാമ രാമ രാമ രാവണാന്തക രാമ
ശ്രീരാമ മമ ഹൃദി രമതാം രാമ രാമ
ശ്രീ രാഘവാത്മാ രാമ ശ്രീരാമ രമാ പതേ
ശ്രീരാമ രമണീയ വിഗ്രഹ നമോസ്തുതേ
നാരായണായ നമോ നാരായണായ നമോ
നാരായണായ നമോ നാരായണായ നമഃ
ശ്രീരാമ നാമം പാടിവന്ന പൈങ്കിളി+പ്പെണ്ണേ
ശ്രീരാമ ചരിതം നീ ചൊല്ലീടു മടിയാതെ.
ശാരിക+പ്പൈതൽ താനും വന്ദിച്ചു വന്ദ്യന്മാരെ
ശ്രീരാമ+ സ്തുതിയോടെ പറഞ്ഞു തുടങ്ങിനാൾ
*****